The Conservator of Forests ... Circle
Date:
THRISSUR

## കേരള സർക്കാർ

### സംഗ്രഹം

വനം, വന്യജീവി വകുപ്പ് – സഹോദര വകുപ്പുകൾ/ പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയ്ക്ക് തടി അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ പുതുക്കി നിശ്ചയിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം, വന്യജീവി(ബി) വകുപ്പ്

സ.ഉ.(എം.എസ്)നം.63/99/വനം. തിരുവനന്തപുരം, തീയതി: 19.6.1999.

---

പരാമർശം:- 1. ജി.ഒ.(എം.എസ്) 80/97/വനം തീയതി 13.8.97.
2. ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 23.12.97, 16.3.99 തീയതികളിലെ എഫ്.യു(1)14340/97 നമ്പർ കത്തുകൾ.

### ഉത്തരവ്

സഹോദര വകുപ്പുകൾ/പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയ്ക്ക് തടി അനുവദിക്കുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ താഴെപറയും പ്രകാരം പുതുക്കി നിശ്ചയിച്ചു കൊണ്ട് ഉത്തരവാകുന്നു.

1. സഹോദര വകുപ്പുകൾ/പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയ്ക്ക് തടി ആവശ്യമുള്ളപക്ഷം വകുപ്പ് മേധാവി മുഖേന തടിയുടെ ആവശ്യകതയും അളവും തിട്ടപ്പെടുത്തി കെട്ടിടം പണിയാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ ചുമതലയുള്ള പൊതുമരാമത്ത് വകുപ്പിലെ (കെട്ടിട വിഭാഗം) അസിസ്റ്റന്റ് എൻജിനിയർ നൽകുന്ന നിശ്ചിത പ്രൊഫോമായിലുള്ള എസ്റ്റിമേറ്റ്/സർട്ടിഫിക്കറ്റ് സഹിതം ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്.
2. അപ്രകാരം ലഭിയ്ക്കുന്ന അപേക്ഷയിന്മേൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ആവശ്യമായ പരിശോധന നടത്തി ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് ശുപാർശ സമർപ്പിക്കേണ്ടതാണ്. ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ശുപാർശയിൽ സർക്കാർ തീരുമാനമെടുക്കുന്നതാണ്.
3. സർക്കാർ ഉത്തരവ് ലഭിച്ച് രണ്ടാഴ്ചയ്ക്കകം ബന്ധപ്പെട്ട സ്ഥാപനങ്ങൾ/വകുപ്പുകൾ തടി തെരഞ്ഞെടുക്കേണ്ടതാണ്.
4. തടി തെരഞ്ഞെടുത്ത് ഒരാഴ്ചയ്ക്കകം ചെല്ലാനും ഇൻവോയിസും നൽകേണ്ടതാണ്.
5. നിലവിലുള്ള ഷെഡ്യൂൾ നിരക്കോ ബന്ധപ്പെട്ട ഡിപ്പോയിൽ തൊട്ടുമുമ്പുള്ള 6 മാസത്തെ ലേലത്തിൽ ലഭിച്ച ഏറ്റവും കൂടിയ നിരക്കോ ഏതാണോ

കൂടുതൽ ആ നിരക്കനുസരിച്ചുള്ള വില, വില്പന നികുതി, വനവികസന നികുതി, 21% സെന്റേജ് ചാർജ്ജ് എന്നിവ തടി നൽകുന്നതിന് ഈടാക്കേണ്ടതാണ്.

6. പണം അടച്ച് തടി നീക്കം ചെയ്യുന്നതിന് 60 ദിവസത്തെ സമയം അനുവദിക്കാവുന്നതാണ്.

7. അത്യാവശ്യ സാഹചര്യത്തിൽ പണം അടയ്ക്കുന്നതിനും തടി നീക്കം ചെയ്യുന്നതിനും 30 ദിവസത്തെ സമയം കൂടി 18% പലിശയും പലിശയിന്മേൽ 2 1/2%സർചാർജ്ജും തറവാടകയും ഈടാക്കിക്കൊണ്ട് ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നൽകാവുന്നതാണ്.

8. ഇപ്രകാരം ദീർഘിപ്പിച്ച കാലാവധിക്കുള്ളിലും പണം അടച്ച് തടി നീക്കം ചെയ്യുന്നതിന് ബന്ധപ്പെട്ട സഹോദര വകുപ്പുകൾ/സ്ഥാപനങ്ങൾ വീഴ്ച വരുത്തുകയാണെങ്കിൽ നോട്ടീസ് നൽകിയശേഷം അടുത്ത ലേലത്തിൽ ബന്ധപ്പെട്ട സ്ഥാപനത്തിന്റെ/വകുപ്പിന്റെ നഷ്ടോത്തരവാദിത്തത്തിൽ തടി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് ലേലം ചെയ്ത് വിൽക്കാവുന്നതാണ്.

9. നിശ്ചിത കാലാവധിക്കുള്ളിൽ പണമടയ്ക്കുകയും എന്നാൽ തടി നീക്കം ചെയ്യുന്നുമില്ലെങ്കിൽ അവ നീക്കം ചെയ്യുന്നതിന് തറവാടക ഈടാക്കിക്കൊണ്ട് ചെല്ലാൻ കൊടുത്ത തീയതി മുതൽ 6 മാസംവരെ കാലാവധി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അനുവദിക്കാവുന്നതാണ്. ഈ കാലാവധിക്കുള്ളിലും തടി നീക്കം ചെയ്യുന്നില്ലായെങ്കിൽ അവ ബന്ധപ്പെട്ട വകുപ്പിന് നോട്ടീസ് നൽകിക്കൊണ്ട് പൊതു ലേലത്തിൽ വിൽക്കാവുന്നതാണ്. പൊതു "ലേലത്തിൽ ലഭിക്കുന്ന തുകയിൽനിന്നും, ഇപ്രകാരം വില്പന നടത്തുന്നതിന് ഡിപ്പാർട്ടുമെന്റിന് ചെലവായ സംഖ്യ, തറവാടക എന്നിവ ഈടാക്കികഴിഞ്ഞതിനുശേഷം ബാക്കി വരുന്ന തുക ബന്ധപ്പെട്ട വകുപ്പ് /സ്ഥാപനം എന്നിവ അടച്ചതുകയിൽ കൂടുതലായി വരികയാണെങ്കിൽ അടച്ച മുഴുവൻ 'തുകയും ബന്ധപ്പെട്ട വകുപ്പ്/സ്ഥാപനം ആവശ്യപ്പെടുകയാണെങ്കിൽ അവർക്ക് തിരികെ നൽകാവുന്നതാണ്."

10. സർക്കാർ ഉടമസ്ഥതയിലുള്ള ബോർഡുകൾക്കോ കോർപ്പറേഷനുകൾക്കോ മേൽ വ്യവസ്ഥ പ്രകാരം തടി നൽകുമ്പോൾ , യഥാസമയം പണമടച്ച് തടി നീക്കം ചെയ്യുന്നതിന് വീഴ്ച് വരുത്തുന്നതുമൂലമുണ്ടാകുന്ന ലേലത്തിൽ എന്തെങ്കിലും നഷ്ടം സംഭവിക്കുകയാണെങ്കിൽ അത് ഈടാക്കുന്നതിന് സമ്മതമാണെന്ന് കാണിച്ചുകൊണ്ടുള്ള ഒരു സമ്മതപത്രം തടി തെരഞ്ഞെടുക്കുവാൻ അനുവദിക്കുന്നതിന് മുൻപ് അവരിൽ നിന്നും എഴുതിവാങ്ങേണ്ടതാണ്.

11. തടി പൂർണ്ണമായി ഉപയോഗിച്ചതിന് തെളിവായി ബന്ധപ്പെട്ട സ്ഥാപനം തടി ഉപയോഗിച്ചുകഴിഞ്ഞാലുടൻ അതാത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്ക് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് അയച്ചുകൊടുക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എസ്. രാമകുറുപ്പ്,

ജോയിന്റ് സെക്രട്ടറി.

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം)

തിരുവനന്തപുരം